## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7708 23.07.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം പദ്ധതിയുടെ സാമ്പത്തിക - സാങ്കേതിക ബിഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. ബി സത്യൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. വി. ശിവൻകുട്ടി: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിയുടെ സാമ്പത്തിക- സാങ്കേതിക ബിഡുകളിൽ അന്തിമ തീരുമാനമായോ; ആർക്കാണ് നിർമ്മാണച്ചുമതല ലഭിച്ചിരിക്കുന്നത്; | (എ) പോർട്ട് നടത്തിപ്പിനുള്ള ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്നതിനുള്ള സാമ്പത്തിക/സാങ്കേതിക ബിഡ്ഡുകളിൽ അന്തിമ തീരുമാനമായിട്ടില്ല. പോർട്ടിന്റെ അടിസ്ഥാന സൗകര്യ നിർമ്മാണം സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി മുഖേനയാണ് നടപ്പിലാക്കുന്നത് |
| (ബി) പദ്ധതിയുടെ സർക്കാർ പരിഗണിക്കുന്ന സാമ്പത്തിക ബിഡ് ഏത് കമ്പനിയുടേതാണ്; ഈ കമ്പനി ഏറ്റവും ഒടുവിൽ സമർപ്പിച്ച ഓഫർ എന്താണ്; ഇത് സ്വീകരിച്ചിട്ടുണ്ടോ; | (ബി) പദ്ധതിയ്ക്ക് വേണ്ടി പോർട്ട് ഓപ്പറേറ്ററായി തെരഞ്ഞെടുക്കപ്പെടുന്നതിനു വേണ്ടി സാങ്കേതിക യോഗ്യതയും കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റി ക്ലിയറൻസും നേടിയ വെൽസ്പൺ കൺസോർഷ്യത്തിന്റെ സാമ്പത്തിക ബിഡ്ഡാണ് സർക്കാരിന്റെ മുമ്പിലുള്ളത്. ഇവർ അവസാനമായി സമർപ്പിച്ച ഓഫർ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ഇവർ ഏറ്റവും ഒടുവിൽ നൽകിയിട്ടുള്ള ഓഫർ സ്വീകരിയ്ക്കുന്നതിനെ പറ്റി അന്തിമ |

തീരുമാനം കൈക്കൊണ്ടിട്ടില്ല. 2012 ജൂലൈ 24-ാം തീയതി ചീഫ് സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റി ഈ ഓഫർ പരിശോധിക്കുന്നതും ശുപാർശ സമർപ്പിക്കുന്നതുമാണ്. അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | സർക്കാരിന് വേണ്ടി വിലപേശൽ നടത്തിയത് ആരൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | 31.03.2012-ലെ ജി.ഒ(എം.എസ്) 26/12/മതുവ പ്രകാരം ചുവടെ പറയുന്നവരടങ്ങിയ ബിഡ്സ് നെഗോസ്യേഷൻ കമ്മിറ്റി ആണ് സർക്കാരിന് വേണ്ടി കൺസോർഷ്യവുമായി വിലപേശൽ നടത്തിയിട്ടുള്ളത്. |

1. ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറി
2. തുറമുഖ വകുപ്പ് സെക്രട്ടറി
3. നിയമ വകുപ്പ് സെക്രട്ടറി
4. മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**